മിസ്റ്റർ കെ. ടി.അച്യുതൻ: തിരുവിതാംകൂറിൽ ഇപ്പോൾ ഈ ജോലി നടത്തുന്നുണ്ട്. അവിടെ എങ്ങിനെയാണെന്ന അന്വേഷിച്ചിട്ടുണ്ടോ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: ഓരോസ്ഥലത്തും ഓരോ കാര്യത്തിൽ ചെയ്യുന്നതൊക്കെനോക്കി ഇവിടെ ചെയ്യാൻ നിവൃത്തിയില്ല. അന്വേഷിക്കേണ്ട കാര്യമാണെങ്കിൽ അന്വേഷിക്കും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ പ്രതിഫലം കൊടുക്കാമെന്ന പറഞ്ഞിരിക്കുന്നതു കൊടുക്കാൻവേണ്ടിയാണോ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: ഗവണ്മെണ്ടു കൊടുക്കാൻ തീരുമാനിച്ചതു കൊടുക്കാതെയിരിക്കുകയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: റേഷൻകാർഡു ചെക്കുചെയ്യുതിനു കൊടുക്കാമെന്ന പറഞ്ഞിട്ടുള്ള സംഖ്യ അദ്ധ്യാപകന്മാക്കു കൊടുത്തിട്ടില്ലല്ലൊ.

റാവുസാഹിബ്ബ് എ. മാധവപ്രഭു: അറിഞ്ഞുകൂടാ.

മിസ്റ്റർ പി.നാരായണമേനോൻ: പ്രജാമിത്രത്തിൽ ൫ ൦ ൦ വീടുകളാക്കണമെന്നും ൪൦ രൂപാ കൊടുക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള ലേഖനമുണ്ടായിരുന്നതു ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: എന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല.

മിസ്റ്റർ പി. കെ. പോറ്റി: ഈ ജോലിക്കു അദ്ധ്യാപകന്മാരെ അയക്കാനാണു തീരുമാനിച്ചിരിക്കുന്നതെന്നു പറഞ്ഞുവല്ലൊ. അതിനു അവർ സമ്മതിച്ചിട്ടുണ്ടോ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: ആവശ്യപ്പെട്ടാൽ ചെയ്തുകൊള്ളണം. അങ്ങിനെയുള്ള ഒരു നിയമമാണ് ഇപ്പോൾ ഉണ്ടാക്കാൻ പോകുന്നതു്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: നിയമം ഉണ്ടാക്കികഴിഞ്ഞല്ലൊ. അതനുസരിച്ചു ആരോടു വേണമെങ്കിലും ഈ ജോലി ചെയ്യാനാവശ്യപ്പെടാമല്ലൊ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: ആവശ്യപ്പെടാം.

418. Mr. K. Balakrishna Menon *(Cheruthuruthi):* Will Government be pleased to state.—

(*a*) if any progress has been made in preparing the electoral roll by the Reforms Department based upon adult franchise;

(*b*) what time the Government expect the Department would take for completing it?

Rao Sahib A. Madhava Prabhu *(Chief Secretary to Government):*

(*a*) Enumeration of persons will be started as soon as rules are amended giving additional powers to the Chief Election Officer and houses are also got numbered. The amendments to the Rules will be issued very shortly and immediately thereafter house numbering will be started, followed by enumeration and tabulation work.

(*b*) Government expect that work could be completed in time for the election next year.

JAGGERY—STORING OF

419. Mr. A. Eachara Menon (*Chittur-Tattamangalam*) : Will Government be pleased to state.—

(*a*) what is the quantity of jaggery stored in Chittur Taluk today;

(*b*) of this how much was purchased locally and how much from outside?

Mr. P. Govinda Menon *(Minister for Food and Education):*

(*a*) 5,307 bags or about 310 tons on 1st Karkadagam 1122.

(*b*) The entire stock is out of purchases made locally.

COMPLAINTS TO DIRECTOR OF PUBLIC HEALTH

420. മിസ്റ്റർ പി.എ. മുഹമ്മദ് അഷ്റോഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ട് സദയം മറുപടി പറയുമോ.—

(എ) കൊടുങ്ങല്ലൂർ അഴിക്കോടുവില്ലേജിൽ ചെമ്മത്തു് അബ്ദുള്ള അഹമ്മദു് എന്ന ഒരാൾ ഒരു മിഡ്വൈഫിന്റെ ധിക്കാരത്തേയും കൃത്യവിലോപത്തേയും കുറിച്ചു പരാതിപ്പെട്ടുകൊണ്ടു പൊതുജനാരോഗ്യ ഡയറക്ടർക്ക് വല്ല ഹർജിയും അയച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിന്റെ പകർപ്പു മേശപ്പുറത്തു വെക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly